**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2138** **06-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് പുതിയ ബ്ലഡ് ബാങ്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ തലത്തിൽ എത്ര ബ്ലഡ് ബാങ്കുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സർക്കാർ തലത്തിൽ 42 ബ്ലഡ് ബാങ്കുകൾ നിലവിലുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള ബ്ലഡ് ബാങ്കുകളുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പുതിയതായി കൂടുതൽ ആശുപത്രികളിൽ ബ്ലഡ് ബാങ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ മാനദണ്ഡപ്രകാരം ഒരു ആശുപത്രിയിൽ രണ്ടായിരത്തിലധികം യൂണിറ്റ് രക്തം പ്രതിവർഷം ആവശ്യം വരുന്നുവെങ്കിൽ അവിടെ ഒരു ബ്ലഡ് ബാങ്ക് ആവശ്യമാണ്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ പോളിസിയുടെ ഭാഗമായി നിലവിലുള്ള ബ്ലഡ് ബാങ്കുകളെ ബ്ലഡ് കംപോണൻറ് സെപ്പറേഷൻ യൂണിറ്റുകൾ (BCSU) ആയി ഉയർത്തുക, അത് വഴി 100% രക്ത ഘടകങ്ങളുടെ ലഭ്യത ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. നിലവിൽ 33 രക്ത ബാങ്കുകളിലാണ് BCSU ഉള്ളത്. 3 രക്തബാങ്കുകളെ കൂടി ഈ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്നു. നിലവിൽ കേരളത്തിൽ ഹബ് ആന്റ് സ്പോക്ക് മോഡൽ പ്രകാരം മദർ ബ്ലഡ് ബാങ്കുകളിൽ നിന്ന് ബ്ലഡ് സ്റ്റോറേജ് സെന്ററുകളിലേക്ക് രക്തം എത്തിക്കുന്നുണ്ട്. ഇത് കൂടാതെ ഭൂമിശാസ്ത്രപരമായി പരിമിതികൾ ഉള്ള പ്രദേശങ്ങളിലും (ഉദാ: വയനാട്, ഇടുക്കി), അടുത്ത് മറ്റ് ബ്ലഡ് ബാങ്കുകൾ ഇല്ലാത്ത സ്ഥലങ്ങളിലും നാഷണൽ ഹൈവേകളിലുള്ള ട്രോമാ കെയർ സെന്ററുകളിലും ബ്ലഡ് ബാങ്ക് തുടങ്ങാൻ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്ക് അതീതമായി നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | എങ്കിൽ അവ എവിടെയൊക്കെയാണെന്നും ആശുപത്രികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും അറിയിക്കാമോ? | (സി) | പുതിയതായി താലൂക്ക് ആശുപത്രി അടിമാലി, ജില്ലാ ആശുപത്രി നിലമ്പൂർ എന്നിവിടങ്ങളിൽ പുതിയ BCSU ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ജില്ലാ ആശുപത്രി |

| | | | |
|---|---|---|---|
| | | | നെടുങ്കണ്ടം, ജനറൽ ആശുപത്രി കൽപ്പറ്റ എന്നിവിടങ്ങളിലും പുതിയ BCSU ആരംഭിക്കുന്നതിനുള്ള പ്രൊപോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**Annexure**

**List of Govt. Blood Banks in Kerala**

| Sl. No. | Name of the Blood Bank |
|---|---|
| 1 | Medical College Hospital Vandanam, Alappuzha |
| 2 | Women & Children Hospital Beach Bazar.P.O, Alappuzha |
| 3 | General Hospital, Alappuzha |
| 4 | District Hospital, Mavelikkara, Alappuzha |
| 5 | Govt. Medical College Hospital , Kalamassery, Ernakulam |
| 6 | General Hospital Ernakulam |
| 7 | District Hospital Aluva, Ernakulam |
| 8 | Govt. Medical College Hospital (District Hospital) Painavu, Idukki |
| 9 | Govt Medical College Hospital, Pariyaram, Kannur |
| 10 | District Hospital Kannur |
| 11 | General Hospital, Thalassery Kannur |
| 12 | Malabar Cancer Centre Thalassery, Kannur |
| 13 | District Hospital, Kanhangad Kasaragod |
| 14 | General Hospital Kasaragod |
| 15 | Medical College Hospital Parippally, Kollam |
| 16 | District Hospital Kollam |
| 17 | Taluk Head Quarters Hospital, Kottarakara, Kollam |
| 18 | Taluk Head Quarters Hospital, Punalur, Kollam |
| 19 | District Hospital Kottayam |
| 20 | Medical College Hospital, Kottayam |
| 21 | General Hospital (Beach), Kozhikkode |
| 22 | Govt. W & C Hospital Kozhikode |
| 23 | Medical College Hospital Kozhikode |
| 24 | District Hospital, Vadakara, Kozhikode |
| 25 | Medical College Hospital Manjeri, Malappuram |
| 26 | Govt Hospital, Perinthalmanna, Malappuram |
| 27 | District Hospital, Tirur, Malappuram |
| 28 | District Hospital, Sulthanpet, Palakkad |
| 29 | Taluk Head QuartersHospital,Mannarkad, Palakkad |
| 30 | General Hospital, Pathanamthitta |
| 31 | Taluk Headquarters Hospital, Thiruvalla, Pathanamthitta |
| 32 | General Hospital, Thrissur |
| 33 | Medical College Hospital, Thrissur |
| 34 | General Hospital, Thiruvanathapuram |
| 35 | Medical College Hospital, Thiruvananthapuram |
| 36 | Regional Cancer Centre Thiruvananthapuram |

| | |
|---|---|
| 37 | Sree Chitra Thirunal Institute for Science & Technology, Thiruvananthapuram |
| 38 | Taluk Headquarters Hospital, Chirayinkeezhu, Thiruvananthapuram |
| 39 | W & C Hospital ,Thycaud, Thiruvananthapuram |
| 40 | District Hospital Neyyattinkara, Thiruvananthapuram |
| 41 | Wayanad Govt. Medical College Hospital Mananthavady, Wayanad |
| 42 | Taluk Headquarters Hospital Sulthan Bathery, Wayanad |